5. തീരദേശ വിജ്ഞാപനത്തിന്റെ നടത്തിപ്പിനായി സംസ്ഥാനത്ത് ഒരു തീരദേശ പരിപാലന അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത അതോറിറ്റി ശാസ്ത്ര സാങ്കേതിക വകുപ്പിൽ തിരുവനന്തപുരം പട്ടത്തുള്ള ശാസ്ത്രഭവനിൽ പ്രവർത്തിച്ചുവരുന്നു.

(സി) തീരദേശ പരിപാലന പദ്ധതി (CZMP) തയ്യാറാക്കുന്നതിനായി പ്രത്യേക ധനസഹായമൊന്നും ലഭ്യമായിട്ടില്ല. തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് കൊണ്ടാണ് നടത്തുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി തേടുമ്പോൾ ഈടാക്കുന്ന സ്ക്രൂട്ടിണി ഫീ സർക്കാരിലേക്ക് ട്രഷറിയിൽ ഒടുക്കുകയാണ് ചെയ്യുന്നത്.

(ഡി) വ്യാപകമായ ബോധവത്കരണവും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരെയും പൊതുജനങ്ങളെയും ഉദ്ദേശിച്ചുകൊണ്ട് പരിശീലനവും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെയും ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെയും ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ നടത്തുന്നു. കൂടാതെ തീരദേശ ജില്ലകളിൽ തീരദേശ പരിപാലന വിജ്ഞാപനം കൃത്യമായി നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കാൻ തീരദേശ അതോറിറ്റി ജില്ലകളിലെ ജില്ലാ മജിസ്ട്രേറ്റ്/ജില്ലാ കളക്ടർ അദ്ധ്യക്ഷനായി തീരദേശ അതോറിറ്റി ജില്ലാതല സമിതികളെയും രൂപീകരിച്ചിട്ടുണ്ട്. വാർത്താ മാധ്യമങ്ങൾ തീരദേശ പരിപാലനങ്ങളെക്കുറിച്ചുള്ള വാർത്തകൾ നൽകിവരുന്നുണ്ട്. കൂടാതെ തീരദേശ പരിപാലന നിയമം നടപ്പിലാക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനുണ്ടാകുന്ന ചില ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഇളവുകൾനേടി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് ബഹു. മുഖ്യമന്ത്രി നിവേദനം നൽകിയിട്ടുണ്ട്. പ്രസ്തുത നിവേദനം സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ പരിഗണനയ്ക്കായി കേന്ദ്രസർക്കാർ അയച്ചുതരികയും ആയത് അതോറിറ്റി ശുപാർശ ചെയ്ത് വീണ്ടും കേന്ദ്ര സർക്കാരിലേക്ക് പരിഗണനയ്ക്കായി നൽകുകയും ചെയ്തിട്ടുണ്ട്.

നദീജല സംയോജനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ നിലപാട്

62 (7621) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ നദീജലസംയോജന പദ്ധതി നടപ്പാക്കുന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ നിലപാട് എന്തായിരിക്കണം എന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും നിർദ്ദേശങ്ങൾ സംസ്ഥാനം മുന്നോട്ടുവച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഭരണഘടന അനുസരിച്ച് ജലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ "ഒരു സംസ്ഥാന വിഷയം" എന്ന രീതിയിൽ കൈകാര്യം ചെയ്യേണ്ട സംഗതികളാണ്. അതിനാൽ കേരളത്തിലെ നദികളിലെ ജലം മറ്റേതെങ്കിലും സംസ്ഥാനത്തേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചുവിടണമോയെന്ന കാര്യത്തിൽ തീരുമാനമെടുക്കാനുള്ള നിയമപരമായ അധികാരം കേരള സർക്കാരിന് തന്നെയാണെന്നുള്ള ഉറച്ച നിലപാടാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. നദീസംയോജന പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടില്ല. പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി പൂർണ്ണമായി ഉപേക്ഷിക്കണമെന്ന് പതിനൊന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ കേരള നിയമസഭ പ്രമേയവും പാസ്സാക്കിയിട്ടുണ്ട്.

(ബി) നദീജല സംയോജന പദ്ധതികൾ കേരളത്തിന് ഗുണകരമല്ലാത്തതിനാൽ പ്രസ്തുത പദ്ധതികളോട് സംസ്ഥാനത്തിന് യോജിപ്പില്ലെന്ന കാര്യം ദേശീയ ജല വികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. സാദ്ധ്യമായ വേദികളിലെല്ലാം സംസ്ഥാന സർക്കാർ ശക്തമായ ഇടപെടലുകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ പമ്പ-അച്ചൻകോവിൽ- വൈപ്പാർ ലിങ്ക് പദ്ധതിയെ മുൻഗണനാ ലിസ്റ്റിൽനിന്നും നീക്കം ചെയ്യുന്നതിന് NWDA നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനങ്ങളുടെ സമ്മതമില്ലാതെ നദീജല സംയോജന പദ്ധതികൾ സംബന്ധിച്ചുള്ള തുടർ നടപടികൾ ആരംഭിക്കുകയില്ലെന്നുള്ള നിലപാടാണ് NWDA സ്വീകരിച്ചിരുന്നത്. ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് സാദ്ധ്യമായ വേദികളിലെല്ലാംതന്നെ ഇനിയും വ്യക്തമാക്കാൻ കഴിയുന്നതാണ്.

കാവേരി നദീജല നിയന്ത്രണ സമിതി, കാവേരി മാനേജ്മെന്റ് ബോർഡ് എന്നിവയുടെ രൂപീകരണം

63 (7622) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് സമർപ്പിച്ച 3-6-2014-ലെ നിവേദനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള കാവേരി നദീജല നിയന്ത്രണ സമിതി, കാവേരി മാനേജ്മെന്റ് ബോർഡ് എന്നിവയുടെ രൂപീകരണം സംബന്ധിച്ച വിഷയങ്ങളിൽ എന്തെങ്കിലും നിലപാട് സ്വീകരിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച നിലപാട് പ്രധാനമന്ത്രിയെ അറിയിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നിവേദനത്തിൽ മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 142 അടിയാക്കി ഉയർത്താനുള്ള സുപ്രീം കോടതിയുടെ 7-5-2014-ലെ ഉത്തരവ് നടപ്പാക്കുന്നതു സംബന്ധിച്ച മേൽനോട്ട സമിതിയിൽ കേന്ദ്ര ജലക്കമ്മീഷനിൽ നിന്നുള്ള അംഗത്തെ നാമനിർദ്ദേശം ചെയ്യണമെന്ന ആവശ്യം സംബന്ധിച്ചുള്ള അഭിപ്രായമെന്താണ് ; പ്രസ്തുത നിലപാട് കേന്ദ്ര സർക്കാരിനെയും പ്രധാന മന്ത്രിയെയും അറിയിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ;

(സി) നെയ്യാർ ഡാമിലെ വെള്ളം വിട്ടുനൽകണമെന്ന തമിഴ്നാട് സർക്കാരിന്റെ വാദം അംഗീകരിച്ചിട്ടുണ്ടോ ; സംസ്ഥാനത്തുകൂടെ മാത്രമൊഴുകുന്ന നെയ്യാറിലെ വെള്ളം വിട്ടുനൽകണമെന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ എടുത്തിട്ടുള്ള നിലപാടുകൾ എന്തൊക്കെയാണ് ; ഇതു സംബന്ധിച്ച് സംസ്ഥാനം എടുത്തിട്ടുള്ള നിലപാടുകൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly